# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ജൂലൈ 11

JULY 11

2018

*1193 മിഥുനം 26 ബുധൻ*

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ടെലിവിഷൻ ജേർണലിസം**

കെൽട്രോൺ നടത്തുന്ന ടെലിവിഷൻ ജേർണലിസം കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയ 30 വയസ്സ് വരെയുള്ളവർക്ക് അപേക്ഷിക്കാം. അവസാന വർഷ ബിരുദ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. മാധ്യമ സ്ഥാപനങ്ങളിൽ പരിശീലനം, ഇന്റേൺഷിപ്, പ്ലേസ്മെൻറ് സഹായം എന്നിവ പഠനസമയത്ത് ലഭിക്കും. പ്രിൻറ് ജേർണലിസം, ഓൺലൈൻ ജേർണലിസം, മൊബൈൽ ജേർണലിസം എന്നിവയിലും പരിശീലനം ലഭിക്കും .വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടെത്തിയും.ksg.keltron.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാം. തിരുവനന്തപുരത്ത് മാറാവുന്ന 200/ രൂപയുടെ ഡി ഡി സഹിതമുള്ള അപേക്ഷ ജൂലൈ 31 നകം കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിങ്, ബേക്കറി ജംഗ്ഷൻ, വിമൻസ് കോളേജ് റോഡ്, വഴുതക്കാട്, തിരുവനന്തപുരം, 695014 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 8137969292, 9746798082.

(പിഎൻപി 1868/18)

**വീടൊരു വിദ്യാലയം പ്രവർത്തനങ്ങളുമായി പുല്ലാട് ബി.ആർ.സി**

വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന വസ്തുക്കളേയും താഴുന്ന വസ്തുക്കളേയും മൂന്നാം ക്ലാസ്സുകാരെ പഠിപ്പിക്കാൻ കൃഷ്ണകുമാരി ടീച്ചറിന് ഇനി ഉരുളക്കിഴങ്ങും തക്കാളിയും മറ്റുമായി സ്കൂളിൽ പോകണ്ട.പച്ചക്കറി കഴുകുന്ന സമയത്ത് ഇത്തരം കാര്യങ്ങൾ

അമ്മമാർ കുട്ടികളെ പഠിപ്പിക്കും.കുട്ടികളിൽ അക്കാദമിക മികവുണ്ടാക്കാൻ രക്ഷിതാക്കളെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി പുല്ലാട് ബി.ആർ.സി നടത്തുന്ന വീടൊരു വിദ്യാലയം പരി പാടിയിലാണ് ഇതു സംബന്ധിച്ച പരിശീലനം രക്ഷിതാക്കൾക്ക് നൽകിയത്. കുട്ടികളുടെ നൈപുണ്യ വികസനവും അന്വേഷണത്വരയും വളർത്തി അനൗപചാരികമായി പഠനോത്സുഖ്യം ഉണ്ടാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. വീട് ഒരു പഠന സഹായിയായി മാറത്തക്ക വിധമാണ് പദ്ധതി വിഭാവനം െ ചയ്തിട്ടുള്ളത്. അടുക്കളയിൽ ശാസ്ത്രാഭിരുചി ഉണ്ടാക്കാൻ പറ്റിയ ഒട്ടേറ പ്രവർത്തനങ്ങളും പരീക്ഷണങ്ങളും രക്ഷിതാക്കളെ പരിചയപ്പെടുത്തി. ദൈനം ദിന ജീവിതത്തിൽ കുട്ടികളെ പങ്കാളികളാക്കേണ്ട ഒട്ടേറെ സാഹചര്യങ്ങൾ രക്ഷിതാക്കൾക്ക ളെ പരിചയപ്പെടുത്താനും ഈ പരിപാടിയിലൂടെ കഴിഞ്ഞു.

പുല്ലാട് ബി.പി.ഒ ഷാജി.എ.സലാം, പൂവത്തൂർ ഗവ.എൽ.പി.സ്കൂൾ പ്രധമാധ്യാപിക കൃഷ്ണകുമാരി, അധ്യാപികമാരായ സ്മിത റാണി, റക്സീന സാമുവൽ എന്നിവർ പ്രവർത്ത നങ്ങൾക്ക് നേതൃത്വം നൽകി. അക്കാദമിക പ്രവർത്തന പരിശീലനത്തോടൊപ്പം രക്ഷാകർതൃ വിദ്യാഭ്യാസവും നടന്നു. പൂവത്തൂർ ഗവ.എൽ.പി.സ്കൂളിലെ പ്രീപ്രൈമറി ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കൾ സജീവ പങ്കാളികളായി.

(പിഎൻപി 1869/18)

## മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ : ഡിപ്ലോമാ കോഴ്സ്

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ (ഇഗ്നോ ) സ്പെഷ്യൽ സ്റ്റഡി സെന്ററായ പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ-കൃഷി വിജ്ഞാന കേന്ദ്രത്തിൽ പഴങ്ങളിൽ നിന്നും പച്ചക്കറികളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്ന വിഷയത്തിൽ ഒരു വർഷത്തെ തൊഴിലധിഷ്ഠിത സംരംഭകത്വ ഡിപ്ലോമാ കോഴ്സിലേക്ക് അപേക്ഷ ക്ഷ ണിച്ചു.പ്ലസ്ടു അല്ലെങ്കിൽ ഇഗ്നോ നൽകുന്ന ബിപിപി യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് ഇഗ്നോയുടെ സർട്ടിഫിക്കറ്റ് ലഭിക്കും. ഫീസ് 14400 രൂപ. ഗ്രാമീണ മേഖലയിലുള്ളവർക്കും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്കും 50% ഫീസ് ഇളവ് ലഭിക്കും പട്ടികജാതി പട്ടിക വർഗ വിഭാഗത്തിലുള്ളവർക്ക് ഫീസില്ല. അവസാന തീയതി ജൂലൈ 15. താല്പര്യമുള്ളവർ www.ignou.ac.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കണം. ഫോൺ 0469-2662094.

(പിഎൻപി 1870/18)

## ഗുണഭോക്താക്കൾ വിവരങ്ങൾ നൽകണം

സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിവരുന്ന ഗുണഭോക്താക്കൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ഫോൺ നമ്പർ എന്നിവ ശിശുവികസന പദ്ധതി ഓഫീസർക്ക് ജൂലൈ 15നകം നൽകണം. നേരത്തേ ഐസിഡിഎസ് സൂപ്പർവൈസർ/അങ്കണവാടി വർക്കർ വഴി രേഖകൾ നൽകിയവർ വീണ്ടും നൽകേണ്ടതില്ല. രേഖകൾ ഹാജരാക്കാത്തവ ർക്ക് ധനസഹായം തുടർന്ന് ലഭിക്കില്ല. ഫോൺ: 9645760071.

(പിഎൻപി 1871/18)

## ശിൽപ്പശാല ഇന്ന് (12)

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്കൂൾ കൗൺസിലർമാർക്കായി നടത്തുന്ന പരിശീലന ശില്പശാല ഇന്ന് (12) രാവിലെ 10 മുതൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. ബാലാവകാശ കമ്മീഷനംഗം സിസ്റ്റർ ബിജി ജോസ്, സൈക്കോ ലീഗൽ സൈക്കോളജിസ്റ്റ് സുരേഷ് തോന്നയ്ക്കൽ എന്നിവർ രാവിലത്തെ സെഷനി ൽ ക്ലാസുകൾ നയിക്കും. ഉച്ചയ്ക്ക് ശേഷം രണ്ടിന് നടക്കുന്ന ചോദ്യോത്തര പരിപാടിക്ക് ജില്ലാ

കളക്ടർ പി.ബി.നൂഹ് നേതൃത്വം നൽകും. ബാലാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരും ഇതിൽ പങ്കെടുക്കും. (പിഎൻപി 1872/18)

## ബിപിഎൽ വിദ്യാർഥികൾക്ക് എംബിബിഎസ് പഠനത്തിന് സ്കോളർഷിപ്പിന് മാർഗനിർദേശങ്ങളായി

സാശ്രയ കോളേജുകളിൽ ബിപിഎൽ വിദ്യാർഥികൾക്ക് എംബിബിഎസ് പഠനത്തിന് സ്കോളർഷിപ്പ് സംബന്ധിച്ച വിഷയത്തിൽ സർക്കാർ വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ജൂൺ ആറിലെ ജിഒ(എംഎസ്) നം.107/18/എച്ച് ആൻഡ് എഫ്ഡബ്ല്യുഡി പ്രകാരമാണ് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ച സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. 2017-2018 അധ്യയന വർഷം മുതലാണ് സ്കോളർഷിപ്പ്. ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് മാത്രമായിരിക്കും ആനുകൂല്യം ലഭിക്കുക. ഇത്തരം കുട്ടികളുടെ കോഴ്സ് ഫീയുടെ 90 ശതമാനം സ്കോളർഷിപ്പായി ലഭിക്കും. 10 ശതമാനം കുട്ടികളുടെ രക്ഷിതാക്കൾ കണ്ടെത്തണം. സ്കോളർഷിപ്പിന് അർഹതയുള്ള കുട്ടികൾ ബന്ധപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാർ മുഖേന എൻട്രൻസ് കമ്മീഷണർക്ക് അപേക്ഷിക്കണം. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ എൻട്രൻസ് കമ്മീഷണർ യോഗ്യത നിർണയിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് നൽകും. ജില്ലാ കളക്ടറുടെ പരിശോധനയ്ക്ക് ശേഷം യോഗ്യമെന്ന് കാണുന്ന അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ എൻട്രൻസ് കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. പട്ടിക സംബന്ധിച്ച് പരാതികൾ ഉള്ളവർക്ക് എൻട്രൻസ് കമ്മീഷണറെ അറിയിക്കാം. പരാതികൾ അറിയിക്കാനുള്ള നിശ്ചിത സമയത്തിന് ശേഷം അർഹമായ എല്ലാ അപേക്ഷകളും എൻട്രൻസ് കമ്മീഷണർ തുക നൽകുന്നതിനായി ഫീ റഗുലേറ്ററി കമ്മിറ്റിക്ക് കൈമാറും. തുക ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേനയാണ് നൽകുക. സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാർ ഇത്തരത്തിലുള്ള തുക അടയ്ക്കുകയോ, അടയ്ക്കാതിരിക്കുകയോ ചെയ്ത വിവരം എൻട്രൻസ് കമ്മീഷണറെ അറിയിക്കണം. എംബിബിഎസ് കോഴ്സിന്റെ ഹൗസ് സർജൻസി ഒഴികെയുള്ള കാലയളവിൽ ആനുകൂല്യം ലഭിക്കും. ഹൗസ് സർജൻസി കാലയളവിൽ സ്റ്റൈപ്പന്റ് ലഭിക്കുന്നതിനാൽ ആനുകൂല്യത്തിന് അർഹതയില്ല. ഇത്തരത്തിൽ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർഥികൾ യോഗ്യത നേടിയ ശേഷം കുറഞ്ഞത് രണ്ട് വർഷം കേരളത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രം/കുടുംബാരോഗ്യകേന്ദ്രം/സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ സേവനം അനുഷ്ഠിക്കണം എന്ന വ്യവസ്ഥയുണ്ട്.ഇതു സംബന്ധിച്ച് ഒരു ബോണ്ടും നൽകണം.

ബിപിഎൽ വിഭാഗം കുട്ടികളുടെ പട്ടിക തയാറാക്കുന്നതിന് പ്രത്യേകം മാർഗനിർദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് സർക്കാർ നൽകിയിട്ടുണ്ട്. കായികശേഷിക്കുറവിനെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾക്ക് വെയിറ്റേജായി 12 പോയിന്റുകളും മുഖ്യ തൊഴിൽ അനുസരിച്ച് പ്രത്യേക പരിഗണന അർഹിക്കുന്ന കുടുംബങ്ങൾക്ക് 20 പോയിന്റുകളും വീട്, സ്ഥലം, ജീവിതനിലവാരം ഇവ അടിസ്ഥാനമാക്കിയ സൂചകങ്ങൾക്ക് 68 പോയിന്റുകളും ഉൾപ്പെടെ 100 പോയിന്റുകൾ നൽകിയാണ് ബിപിഎൽ നിർണയം ജില്ലാ കളക്ടർമാർ നടത്തുക.

സ്വന്തമായി ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ (പട്ടികവർഗക്കാർക്ക് ബാധകമല്ല) സ്വന്തമായി 1000 ചതുരശ്ര അടിക്ക് മേൽ വിസ്തീർണമുള്ള വീടുള്ളവർ, നാല് ചക്ര വാഹനമുള്ളവർ (ഉപജീവനമാർഗമായുള്ള ടാക്സി ഒഴികെ), കുടുംബത്തിൽ ആർക്കെങ്കിലും

വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപനത്തിൽ നിന്നുള്ള ജോലിയിൽ നിന്നോ 25000ലധികം പ്രതിമാസ വരുമാനം ലഭിക്കുന്നവർ എന്നിവർക്ക് ഈ ആനുകൂല്യം ലഭിക്കില്ല.

(പിഎൻപി 1873/18)

## പട്ടികജാതി വിഭാഗക്കാർക്ക് വായ്പ

ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്കു വസ്തു / ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥയിൽ സ്വയംതൊഴിൽ, വിവാഹം, വാഹന (ഓട്ടോറിക്ഷ മുതൽ ടാക്സി കാർ /ഗുഡ്സ് കാരിയർ ഉൾപ്പടെയുള്ള കമേഴ്സ്യൽ വാഹനങ്ങൾ) വായ്പകൾക്ക് അപേക്ഷിക്കാം. സ്വയംതൊഴിൽ, വാഹന വായ്പയ്ക്ക് കുടുംബ വാർഷിക വരുമാനം 350000 രൂപയിൽ കവിയരുത്. പ്രായം 18നും 55നും മധ്യേ. പെൺകുട്ടികളുടെ വിവാഹ വായ്പയ്ക്ക് അപേക്ഷിക്കുന്ന രക്ഷാകർത്താവിന്റെ പ്രായപരിധി 65 വയസ്. വരുമാനപരിധി 300000 രൂപ. വാഹന വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം. അപേക്ഷാഫോറവും കൂടുതൽ വിവരവും എം.സി റോഡിൽ പന്തളം പോസ്റ്റാഫീസിനു സമീപം പ്രവർത്തിക്കുന്ന കോർപറേഷന്റെ ജില്ലാ ഓഫീസിൽ ലഭിക്കും.

(പിഎൻപി 1874/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ജൂലൈ 11

JULY 11

2018

1193 മിഥുനം 26 ബുധൻ

# പത്രക്കുറിപ്പ്-2



www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


### മികച്ച അങ്കണവാടി പ്രവർത്തകർക്കുള്ള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

ജില്ലയിലെ മികച്ച അങ്കണവാടി പ്രവർത്തകർക്കുള്ള അവാർഡുകൾ പ്രഖ്യാപിച്ചു. 2016-17 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച വർക്കർ, ഹെൽപ്പർ, എന്നിവർക്കുള്ള വനിതാശിശുവികസനവകുപ്പിന്റെ പുരസ്കാരങ്ങളാണ് പ്രഖ്യാപിച്ചത്. അങ്കണവാടി വർക്കർക്കുള്ള പുരസ്കാരം ഏറത്ത് പഞ്ചായത്തിലെ വെള്ളംകുളങ്ങര മണക്കാല കാത്തോടത്ത് ജെസി ജോർജ്ജ്, കോട്ടാങ്ങൽ പഞ്ചായത്തിലെ കുളത്തൂർ പോട്ടമലഹൗസ് പി.കെ ഗീത എന്നിവർ അർഹരായി. ഏറത്ത് പഞ്ചായത്തിലെ സരോജിനിയമ്മ, പന്തളം തെക്കേക്കര പഞ്ചായത്തിലെ പി. ശാന്തകുമാരി എന്നിവർ അങ്കണവാടി ഹെൽപർക്കുള്ള പുരസ്കാരവും , പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കെ.കെ ജയമോൾ സൂപ്പർവൈസർക്കുള്ള പുരസ്കാരവും നേടി.

(പിഎൻപി 1875/18)

### കലഞ്ഞൂർ സ്കൂളും സ്മാർട്ടായി

ജില്ലയിലെ ഒരു സ്കൂൾ കൂടി സ്മാർട്ടാകുന്നു. കലഞ്ഞൂർ പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി സ്കൂളാണ് സ്മാർട്ട് ക്ലാസ് റൂമുമായി മുഖം മിനുക്കിയത്. ഗ്രാമപഞ്ചായത്തിന്റെ വികസന പദ്ധതിയിൽപ്പെടുത്തി നാല് ലക്ഷം രൂപ ചെലവഴിച്ചാണ് സ്കൂളിനെ സ്മാർട്ടാക്കിയത്. വിദ്യാഭ്യാസസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക, സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക, മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ചുവട് പിടിച്ചാണ് ഗ്രാമപഞ്ചായത്ത് സ്കൂളിലെ സ്മാർട്ടാക്കിയത്.

കലഞ്ഞൂർ ഗവൺമെന്റ് എൽ.പി സ്കൂൾ സ്മാർട്ടാകുന്നതിന്റെ ഭാഗമായി ക്ലാസ് റൂമുകളിൽ ടൈൽ ഇടുകയും എയർകണ്ടീഷൻ ചെയ്യുകയും ചെയ്തു. മാത്രമല്ല, പുതിയ ഡെസ്ക്ക്, ബെഞ്ച്, സീലിംഗ്, പ്രൊജക്ടർ സംവിധാനം, കംപ്യൂട്ടർ , ഡിജിറ്റൽ ബോർഡുകൾ തുടങ്ങി ആധുനിക സംവിധാനങ്ങൾ വരെയുൾപ്പെടുത്തിയാണ് സ്മാർട്ട് ക്ലാസ് റൂം തയാറാക്കിയിട്ടുള്ളത്. 2016 ലാണ് കലഞ്ഞൂർ ഗവൺമെന്റ് സ്കൂളിൽ നവീകരണം ആരംഭിച്ചത്. ഒന്ന് മുതൽ നാല് വരെ ക്ലാസുകളാണ് ഈ സ്കൂളിലുള്ളത്. ഈ വർഷം തന്നെ പഞ്ചായത്തിലെ മറ്റ് സ്കൂളുകളിലെ ക്ലാസ് മുറികൾ കൂടി സ്മാർട്ടാക്കാനുള്ള തയ്യാറെടുപ്പിലാണ് അധികൃതർ. (പിഎൻപി 1876/18)

## കൊടുമൺ മാർക്കറ്റിന്റെ ഉദ്ഘാടനം നാളെ

കൊടുമൺ മാർക്കറ്റിന്റേയും സാംസ്കാരിക നിലയത്തിന്റേയും ഉദ്ഘാടനം നാളെ(13) രാവിലെ ഒൻപതിന് മന്ത്രി കെ.ടി ജലീൽ നിർവഹിക്കും. ഓണത്തിരക്ക് തുടങ്ങുന്നതിന് മുൻപ് മാർക്കറ്റ് പ്രവർത്തനം ആരംഭിക്കുന്നത് കച്ചവടക്കാർക്കും പൊതുജനങ്ങൾക്കും ഏറെ ഉപകാരപ്രദമാകും. ജില്ലാ പഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിന്റേയും സാമ്പത്തിക സഹായത്തോടെയാണ് നിർമാണ പ്രവർത്തനങ്ങൾ നടന്നത്. മാർക്കറ്റ് നവീകരണത്തിനായി 95 ലക്ഷവും, സാംസ്കാരിക നിലയത്തിന് 35 ലക്ഷം രൂപയും ചിലവായതായി ജില്ലാ പഞ്ചായത്തംഗം ആർ.ബി രാജീവ് കുമാർ പറഞ്ഞു. ആധുനിക സജ്ജീകരണങ്ങളാണ് മാർക്കറ്റിലുള്ളത്. പച്ചക്കറി മത്സ്യ സ്റ്റാളുകൾക്കായി പ്രത്യേകം സജ്ജീകരിച്ച സ്റ്റാളുകൾ, നവസംവിധാനങ്ങളോട് കൂടിയ ശുചിമുറി, വി.എഫ്.സി.കെ കെട്ടിടം എന്നിവയാണ് പുതിയ മാർക്കറ്റിന്റെ പ്രത്യേകതകൾ. മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റും പ്രത്യേകം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, മാർക്കറ്റിന് മേൽക്കൂര നിർമ്മിക്കുകയും തറ കോൺക്രീറ്റ് ചെയ്യുകയും ചെയ്തു. വെള്ളം ഒഴുകിപ്പോകാൻ മത്സ്യമാർക്കറ്റിന്റെ ഇരുവശങ്ങളിലും ഓട നിർമ്മിച്ചു. ജില്ലാ പഞ്ചായത്തംഗം അഡ്വ.ആർ.ബി രാജീവ്കുമാറിന്റെ ഫണ്ടുപയോഗിച്ചാണ് സാംസ്കാരിക നിലയത്തിന്റേയും പുതിയ കെട്ടിടത്തിന്റേയും പണി പൂർത്തിയാക്കിയത്. മാർക്കറ്റ് പ്രവർത്തനം ആരംഭിക്കുന്നതോട് കൂടി കൊടുമണ്ണിലെ ഗതാഗതകുരുക്കിന് ഒരു പരിഹാരമാകും. (പിഎൻപി 1877/18)

## കോയിപ്രം ഗ്രാമപഞ്ചായത്ത് ഐഎസ്ഒ പദവിയിലേയ്ക്ക്

ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്ത് ഐഎസ്ഒ പദവിയിലേയ്ക്ക്. ഓഫീസ് പ്രവർത്തനവും പഞ്ചായത്തിന്റെ ഭൗതിക സാഹചര്യവും ഒരുപോലെ ആധുനികവൽക്കരിച്ചാണ് പഞ്ചായത്ത് ഐഎസ്ഒ അംഗീകാരം നേടുന്നത്. ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം അടുത്ത മാസം ആദ്യം നടക്കും. നൂറ് അറകളുള്ള പഞ്ചായത്തിന്റെ റിക്കോർഡ് റൂം ആധുനികവൽക്കരിച്ചതാണ് ഐഎസ്ഒ പദവിയിൽ പഞ്ചായത്തിന് പൊൻതൂവലായത്. പഞ്ചായത്തിന്റെ ആരംഭകാലം മുതലുള്ള റിക്കോർഡുകളെ കമ്പ്യൂട്ടറിൽ പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ക്രമപ്പെടുത്തി. ജനന, മരണ, മാര്യേജ് സർട്ടിഫിക്കറ്റുകൾ അപേക്ഷകൾ സമർപ്പിക്കുന്ന അതേ ദിവസം തന്നെ ലഭ്യമാക്കാനുള്ള നടപടികളും പഞ്ചായത്ത് സ്വീകരിച്ചു. ഇ പെയ്മെന്റ് സംവിധാനം കൂടി പഞ്ചായത്ത് നടപ്പിലാക്കിയത് പൊതുജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുവാൻ കഴിഞ്ഞു. ഐഎസ്ഒ നിലവാരത്തിലേയ്ക്ക് ഉയരുന്നതിന്റെ ഭാഗമായി ഫ്രണ്ട് ഓഫീസ് ശീതീകരിച്ചു. പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്കും സജ്ജീകരിച്ചു. പഞ്ചായത്തിന്റെ രണ്ടാം നിലയിൽ മുന്നൂറ് പേർക്ക് ഇരിക്കാവുന്ന ശീതീകരിച്ച ഓഡിറ്റോറിയത്തിന്റെ നിർമാണ പ്രവർത്തനം അന്തിമഘട്ടത്തിലാണെന്ന് പ്രസിഡന്റ് മോൻസി കിഴക്കേടത്ത് പറഞ്ഞു. (പിഎൻപി 1878/18)

## ജില്ലയിൽ പച്ചക്കറികൾ ഇനി ബ്രാൻഡാകുന്നു

ജില്ലയിൽ ഇനി ജൈവ സർട്ടിഫിക്കറ്റ് നേടിയ കേരള ഓർഗാനിക് ബ്രാൻഡ് പച്ചക്കറികൾ. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ജില്ലയിൽ പച്ചക്കറി വികസനത്തിനായി നടത്തുന്ന പദ്ധതി പ്രകാരമാണ് ജില്ലയിലെ പച്ചക്കറികൾ ബ്രാൻഡാകുന്നത്. നല്ല കൃഷിമുറകൾ എന്ന പദ്ധതി പ്രകാരം പച്ചക്കറി വിത്തുകളുടേയും തൈകളുടേയും വിതരണം കൂടാതെ കൃഷി രീതികളും വിളവെടുപ്പും കൂടി കൃഷി വകുപ്പിന്റെ നേതൃത്വത്തിലാക്കി.

പദ്ധതിപ്രകാരം മുൻ കാലങ്ങളിൽ വ്യാപകമായി കൃഷി ചെയ്തിരുന്നതും എന്നാൽ ഇപ്പോൾ അന്യം നിന്ന് പോയിട്ടുള്ളതുമായ പരമ്പരാഗത വിത്തുകളുടെ കൃഷിക്കാണ് പ്രാധാന്യം നൽകുന്നത്. ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിച്ച് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ കൃഷിയെ പരിപോഷിപ്പിച്ച് ജില്ലയിൽ പൂർണമായും ജൈവരീതി അവലംബിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വിത്തുകൾ നട്ട് കൃഷി ആരംഭിച്ച് കഴിഞ്ഞു. ഇതിനായി 25 ഹെക്ടർ ഉള്ള ഒരു ക്ലസ്റ്റർ രൂപീകരിച്ച് പദ്ധതിയിലുൾപ്പെടുത്തി കർഷകർക്ക് ജൈവ വളങ്ങളും ജൈവ കീടനാശിനികളും നൽകി. ഇവിടെ രാസവളങ്ങളുടെ പ്രയോഗമില്ലാതെ കൃഷി ചെയ്യുമ്പോൾ ജൈവ സർട്ടിഫിക്കറ്റ് നേടിയ കേരള ഓർഗാനിക് ബ്രാൻഡ് പച്ചക്കറികൾ കർഷകർക്ക് വിപണിയിലെത്തിക്കാമെന്നതാണ് നേട്ടം. സ്വന്തമായോ ഗ്രൂപ്പായോ കൃഷി ചെയ്യാനാകുമെങ്കിലും ഒരാൾക്ക് കുറഞ്ഞത് 20 സെന്റ് സ്ഥലമെങ്കിലുമുണ്ടാകണം. ഗ്രൂപ്പായി ചെയ്യുകയാണെങ്കിൽ ഒരു ഗ്രൂപ്പിൽ അഞ്ച് അംഗങ്ങളും ഒരു ഏക്കറുമാണ് ഉണ്ടായിരിക്കേണ്ടത്. ഈ രീതിയിൽ കൃഷി ചെയ്യുന്ന കർഷകർ അവരുടെ കൃഷിയിടത്തിലെ ദൈനംദിന പ്രവൃത്തികൾ രേഖപ്പെടുത്തുന്നതിന് ഫീൽഡ് ഡയറിയും ഉണ്ട്. ഈ ഡയറിയിൽ രേഖപ്പെടുത്തുന്ന കാര്യങ്ങൾ അനുസരിച്ചാണ് കർഷകന് സർട്ടിഫിക്കറ്റ് നൽകണോയെന്ന് തീരുമാനിക്കുക. കൃത്യമായ ഇടവേളകളിൽ കൃഷി ഉദ്യോഗസ്ഥർ കൃഷിയിടം സന്ദർശിച്ച് നല്ല കൃഷി രീതിമുറ പ്രകാരമാണോ കൃഷി ചെയ്ത് വരുന്നതെന്ന് പരിശോധിക്കുകയും അത് അനുസരിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. ഇങ്ങനെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ ഈ പദ്ധതിയിലൂടെ കൃഷി വകുപ്പ് നൽകും. ജില്ലയിൽ ഇതുവരെ 11 ഇക്കോഷോപ്പുകളാണുള്ളത്. അടുത്ത സാമ്പത്തിക വർഷം രണ്ട് പുതിയ ഇക്കോഷോപ്പുകൾ തുടങ്ങാനും തീരുമാനമുണ്ട്. (പിഎൻപി 1879/18)

## ജാഗ്രത

കാലവർഷം കനത്തതിനെതുടർന്ന് മണിയാർ റിസർവോയറിലേക്കുള്ള നീരൊഴുക്ക് ശക്തിപ്പെട്ടതിനാൽ മണിയാർ ബാരേജ് ഏതുസമയവും തുറക്കാൻ സാധ്യതയുണ്ട്. കക്കാട്, പമ്പാ നദീതീരവാസികൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 1880/18)

## പെരുന്തേനരുവി 33 കെ.വി സബ്സ്റ്റേഷൻ ഉദ്ഘാടനം ഇന്ന് (12)

പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിയോടനുബന്ധിച്ച് നിർമാണം പൂർത്തിയാക്കിയ 33 കെ.വി സബ്സ്റ്റേഷന്റെ ഉദ്ഘാടനം ഇന്ന് (12) ഉച്ചയ്ക്ക് ശേഷം മൂന്നിന് പെരുന്തേനരുവി പവർഹൗസ് അങ്കണത്തിൽ വൈദ്യുതിമന്ത്രി എം.എം.മണി നിർവഹിക്കും. രാജുഎബ്രഹാം എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യാതിഥിയാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി.നൂഹ്, കെഎസ്ഇബി ഡയറക്ടർമാരായ പി.വിജയകുമാരി, ഡോ.വി.ശിവദാസൻ, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു, നാറാണംമൂഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹൻരാജ്

ജേക്കബ്, ജില്ലാ പഞ്ചായത്തംഗം പി.വി.വർഗീസ്, ബ്ലോക്ക് പഞ്ചായത്തംഗം മിനു എബ്രഹാം, കെഎസ്ഇബി എക്സിക്യൂട്ടീവ് എൻജിനീയർ കെ.സുരേഷ് തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 1881/18)

## കുമ്പനാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മന്ദിരം ഉദ്ഘാടനം ഇന്ന് (12)

കുമ്പനാട് ഇലക്ട്രിക്കൽ സെക്ഷന്റെ പുതിയ ഓഫീസ് മന്ദിരം ഇന്ന് (12) വൈകിട്ട് അഞ്ചിന് വൈദ്യുതി മന്ത്രി എം.എം.മണി ഉദ്ഘാടനം ചെയ്യും. വീണാജോർജ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, കെഎസ്ഇബി ഡയറക്ടർമാരായ ടി.കുമാരൻ, ഡോ.വി.ശിവദാസൻ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമലാ മാത്യൂസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ മോൻസി കിഴക്കേടത്ത്, ഗീത അനിൽകുമാർ, എൽസി ക്രിസ്റ്റഫർ, റെനി സനൽ, ജയൻ പുളിക്കൽ, സണ്ണി ചെള്ളേത്ത്, കെഎസ്എഫ്ഇ ചെയർമാൻ അഡ്വ.ഫിലിപ്പോസ് തോമസ്, കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ അഡ്വ.കെ.അനന്തഗോപൻ, ഡെപ്യൂട്ടി ചീഫ് എൻജിനീയർ ശോശാമ്മ കുരുവിള തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 1882/18)

## സൗദിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവ്

സൗദി അറേബ്യയിലെ അൽ അബീർ ആശുപത്രിയിലേയ്ക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ തിരഞ്ഞെടുക്കുന്നതിന് നോർക്ക റൂട്ട്സ് അപേക്ഷ ക്ഷണിച്ചു.
ഡെർമെറ്റോളജി, ഒഫ്ത്താൽമോളജി, റേഡിയോളജി, ജനറൽ സർജറി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഗ്യാസ്ട്രോ എന്ററോളജി, യൂറോളജി, ന്യൂറോളജി, നെഫ്രോളജി എന്നിവ യിൽ യോഗ്യതയും രണ്ടുവർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവർക്ക് rmt5.norka@kerala.gov.in എന്ന വിലാസത്തിലേയ്ക്ക് ബയോഡേറ്റ അയയ്ക്കാം. അവസാന തീയതി ജൂലൈ 30. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് www.norkaroots.net, ഫോൺ 1800 425 3939, 0471 233 33 39.

(പിഎൻപി 1883/18)

## പദ്ധതി തുക വിനിയോഗത്തിൽ ജില്ല ഒന്നാം സ്ഥാനത്ത്

### തുക വിനിയോഗം കൂടുതലുള്ള 11 പഞ്ചായത്ത് സെക്രട്ടറിമാർക്ക് കളക്ടറുടെ അഭിനന്ദനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിതുക വിനിയോഗത്തിൽ ജില്ലയ്ക്ക് സംസ്ഥാനത്ത് ഒന്നാം സ്ഥാനം. പുതിയ സാമ്പത്തിക വർഷത്തിന്റെ മൂന്ന് മാസം പിന്നിടുമ്പോഴാണ് ജില്ല സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തെത്തിയിട്ടുള്ളത്. തുക വിനിയോഗം കൂടുതലുള്ള 11 പഞ്ചായത്തുകളുടെയും മൂന്ന് നഗരസഭകളുടെയും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ജില്ലയ്ക്ക് അഭിമാനാർഹമായ നേട്ടം നൽകിയത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുക വിനിയോഗ പുരോഗതി വിലയിരുത്തുന്നതിന് കളക്ടറേറ്റിൽ ചേർന്ന യോഗത്തിലാണ് ജില്ലാ കളക്ടർ മികച്ച പ്രവർത്തനം നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ അഭിനന്ദിച്ചത്. നെടുമ്പ്രം, തുമ്പമൺ, മലയാലപ്പുഴ, വെച്ചൂച്ചിറ, മെഴുവേലി, കുന്നന്താനം, ചെന്നീർക്കര, പുറമറ്റം, പന്തളം-തെക്കേക്കര, കല്ലൂപ്പാറ, ഏഴംകുളം എന്നീ പഞ്ചായത്തുകളാണ് തുക വിനിയോഗത്തിൽ 20 ശതമാനത്തിലധികം പുരോഗതി കൈവരിച്ചിട്ടുള്ളത്. നഗരസഭകളിൽ പന്തളം, പത്തനംതിട്ട, തിരുവല്ല എന്നിവ 20 ശതമാനത്തിലധികം തുക ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ മല്ലപ്പള്ളിയും പറക്കോടും 20 ശതമാനത്തിലധികം തുക ചെലവഴിച്ചിട്ടുണ്ട്. ഈ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി കളെയും സെക്രട്ടറിമാരെയും മറ്റ് ഉദ്യോഗസ്ഥരെയും ജില്ലാ

കളക്ടർ പ്രത്യേകം അഭിനന്ദിച്ചു. നാളെ (13) തദ്ദേശഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ തിരുവല്ലയിൽ ജില്ലയിലെ പദ്ധതി തുക വിനിയോഗം സംബന്ധിച്ച് നടക്കുന്ന അവലോകന യോഗത്തിൽ തുക വിനിയോഗത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ അനുമോദിക്കും. തുക വിനിയോഗത്തിൽ പിന്നിലുള്ള പഞ്ചായത്തുകളിലെ സെക്രട്ടറിമാർ തുക വിനിയോഗം വർധിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം. മോശം പ്രവർത്തനം കാഴ്ചവയ്ക്കുന്ന സെക്രട്ടറിമാർക്കെതിരെ നടപടികൾ സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ പറഞ്ഞു. ജില്ലയിൽ തുക വിനിയോഗത്തിൽ ഏറ്റവും പിന്നിലുള്ളത് ഇലന്തൂർ, ഏറത്ത്, നാരങ്ങാനം, മല്ലപ്പുഴശേരി, സീതത്തോട്, ചെറുകോൽ, ആറന്മുള, തോട്ടപ്പുഴശേരി, ഓമല്ലൂർ, കലഞ്ഞൂർ, മൈലപ്ര എന്നീ പഞ്ചായത്തുകളാണ്.

വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജൂലൈ 11 വരെയുള്ള തുക വിനിയോഗം.
ഗ്രാമപഞ്ചായത്തുകൾ; നെടുമ്പ്രം- 29.04, തുമ്പമൺ- 26.52, മലയാലപ്പുഴ- 25.64, വെച്ചൂച്ചിറ- 24.31, മെഴുവേലി- 22.60, കുന്നന്താനം- 21.79, ചെന്നീർക്കര-21.18, പുറമറ്റം- 20.96, പന്തളം-തെക്കേക്കര- 20.81, കല്ലൂപ്പാറ-20.33, ഏഴംകുളം- 20.14, നാറാണംമൂഴി- 19.63, വടശേരിക്കര-17.92, കുറ്റൂർ- 17.22, റാന്നി-17.22, കടപ്ര-16.14, കടമ്പനാട്-15.87, പള്ളിക്കൽ- 15.61, പ്രമാടം- 15.57, കോയിപ്രം- 15.48, വള്ളിക്കോട്-15.33, മല്ലപ്പള്ളി-15.27, അയിരൂർ-15.16, ആനിക്കാട്-15.08, കവിയൂർ-14.42, കോന്നി-14.25, കൊടുമൺ-13.70, ഇരവിപേരൂർ-13.53, ഏനാദിമംഗലം- 12.97, റാന്നി-അങ്ങാടി-12.73, ചിറ്റാർ-12.54, അരുവാപ്പുലം-12.52, കോഴഞ്ചേരി-12.34, കുളനട-12.18, റാന്നി-പെരുനാട്-12.04, റാന്നി-പഴവങ്ങാടി-11.96, പെരിങ്ങര-11.94, കൊറ്റനാട്-11.89, എഴുമറ്റൂർ-11.56, കലഞ്ഞൂർ-11.39, മൈലപ്ര-11.53, നിരണം-11.13, ഓമല്ലൂർ-10.97, തണ്ണിത്തോട്-10.69, തോട്ടപ്പുഴശേരി-10.15, ആറന്മുള-9.86, കോട്ടാങ്ങൽ-9.23, ചെറുകോൽ-9.18, സീതത്തോട്-9.04, മല്ലപ്പുഴശേരി-6.79, നാരങ്ങാനം-6.33, ഏറത്ത്-5.74, ഇലന്തൂർ-5.54. ഗ്രാമപഞ്ചായത്തുകളുടെ ആകെയുള്ള തുകവിനിയോഗം 14.31 ശതമാനമാണ്.
ബ്ലോക്ക് പഞ്ചായത്തുകൾ: മല്ലപ്പള്ളി-23.33, പറക്കോട്- 23.18, കോയിപ്രം-12.73, പന്തളം-11.42, പുളിക്കീഴ്-11.06, റാന്നി-8.12, ഇലന്തൂർ- 6.38, കോന്നി-12.56. ബ്ലോക്ക് പഞ്ചായത്തുകളുടെ തുകവിനിയോഗം 12.56 ശതമാനമാണ്.
നഗരസഭകൾ: പന്തളം-25.77, പത്തനംതിട്ട- 23.53, തിരുവല്ല- 22.69, അടൂർ-17.31. നഗരസഭകളുടെ തുകവിനിയോഗം 22.27 ശതമാനമാണ്.
ജില്ലാ പഞ്ചായത്ത്- 12.99 ശതമാനം.

(പിഎൻപി 1884/18)

## പനി: 507 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (11) 507 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ ഏഴ് പേരിൽ അഞ്ച് പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. എട്ട് പേർക്ക് ചിക്കൻപോക്സും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 78 പേർ ചികിത്സ തേടി. പുറമറ്റം, ഇലന്തൂർ, വല്ലന, കാഞ്ഞീറ്റുകര എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്.

(പിഎൻപി 1864/18)

## കമ്മീഷൻ സിറ്റിംഗ്

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംസ്ഥാന കമ്മീഷൻ ഈ മാസം 16ന് രാവിലെ 11ന് കോട്ടയം പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ ഹിയറിംഗ് നടത്തും. (പിഎൻപി 1865/18)

## കെയർഗിവർ ഒഴിവ്

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള കോഴഞ്ചേരി ഗവൺമെന്റ് മഹിളാ മന്ദിരത്തിൽ അഡീഷണൽ കെയർഗിവറെ താത്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നു. 25നും 50നും മധ്യേ പ്രായമുള്ള എട്ടാം ക്ലാസ് വിജയിച്ച വനിതകൾക്ക് ഈ മാസം 18ന് രാവിലെ 11ന് മഹിളാമന്ദിരത്തിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ പങ്കെടുക്കാം. പ്രതിമാസം 13500 രൂപ ലഭിക്കും. ഫോൺ: 0468 2310057. (പിഎൻപി 1866/18)

## ഫോട്ടോ അടിക്കുറിപ്പ്

1) കലഞ്ഞൂർ സ്കൂളിലെ പുതിയ സ്മാർട്ട് ക്ലാസ് റൂം
2) ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതിതുക വിനിയോഗം സംബന്ധിച്ച് കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ ജില്ലാ കളക്ടർ സംസാരിക്കുന്നു.




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

1.



2.

